പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4864 24.07.2015-ൽ മറുപടിക്ക്

## സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പകർച്ചപ്പനി കണക്കിലെടുത്ത് ഡോക്ടർമാരില്ലാത്ത സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറെ എങ്കിലും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ബി) സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഒഴിവുള്ള സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ രേഖാമൂലം എഴുതി നൽകിയാൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) & (ബി) സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകൾ നടത്തി വരുന്ന പ്രവർത്തനങ്ങൾ ബഹു:മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 01.07.2015-ന് കൂടിയ യോഗം വിലയിരുത്തുകയും ആരോഗ്യ വകുപ്പിൽ 14 ജില്ലകളിലായി 203 ഡോക്ടർമാർ, 88 സ്റ്റാഫ് നഴ്സുമാർ, 86 ഫാർമസിസ്റ്റുകൾ എന്നീ വിഭാഗങ്ങളിലായി 377 പേരെ 3 മാസത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി, 14.07.2015-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് പി.ജി പഠനം പൂർത്തിയാക്കി സർവ്വീസിലേക്ക് തിരികെ വരുന്ന മെഡിക്കൽ ഓഫീസർമാർക്ക് നിയമനം നൽകി വരുന്നുമുണ്ട്. |

Sd/-

സെക്ഷൻ ഓഫീസർ